(ബി) ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരീക്ഷയും പരീക്ഷാഫലവും, അഡ്മിഷനും മറ്റും കൃത്യമായ കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടത്തുമോ?

ഉത്തരം

(എ) 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചത് അടുത്ത വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വിദഗ്ധ പരിശീലനവും, നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പരിശീലനവും അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്.

(ബി) പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

(സി) 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പരീക്ഷ, പരീക്ഷാഫലം, അഡ്മിഷൻ എന്നീ കാര്യങ്ങൾ മുൻകൂട്ടി തയ്യാറാക്കുന്ന വിദ്യാഭ്യാസ കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്.

വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ

106 (1183) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യവികസനവും അക്കാദമിക് നിലവാരവും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതികൾക്ക് നാളിതുവരെ എത്ര തുക ചെലവായെന്നും ഇവ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly